## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി.അമ്മിണി പരമേശ്വരൻ ഫയൽ ചെയ്ത ഒ.എ.(ഇകെഎം).1320/17 നമ്പർ കേസിന്റെ 05/07/2017 ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നമ്പർ.3719/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 20/11/2017

---

പരാമർശം : 1. ജി.ഒ (പി) നം. 501/05/ഫിൻ തീയതി 25/11/2005
2. ജി.ഒ (പി) നം. 61/2010/ഫിൻ തീയതി 09/02/2010.
3. ശ്രീമതി.അമ്മിണി പരമേശ്വരൻ, കാഷ്വൽ സ്വീപ്പർ, ബ്ലോക്ക് പഞ്ചായത്ത്, തൊടുപുഴ സമർപ്പിച്ച 01/07/2017- ലെ അപേക്ഷ.
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇകെഎം) 1320/17 നമ്പർ കേസിന്റെ 05/07/2017 ലെ വിധിന്യായം.
5. തൊടുപുഴ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ 08/11/2017 ലെ എ 1/1573/2015 നമ്പർ കത്ത്
6. ഗ്രാമവികസന കമ്മീഷണറുടെ 09/11/2017 ലെ സിആർഡി/1563/2017/ എസ്റ്റാ.ഡി4 നമ്പർ കത്ത്

## ഉത്തരവ്

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കാഷ്വൽ സ്വീപ്പറായ ശ്രീമതി.അമ്മിണി പരമേശ്വരൻ, തന്നെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ(ഇകെഎം).1320/17 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്തു. ശ്രീമതി.അമ്മിണി പരമേശ്വരൻ സമർപ്പിച്ച പരാമർശം(3)ലെ നിവേദനം, വിധിപ്പകർപ്പ് കൈപ്പറ്റി ഒരു മാസത്തിനകം ഒന്നാം എതിർകക്ഷിയായ സർക്കാർ പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായി.

സർക്കാർ ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരെ പാർട്ട് ടൈം സ്വീപ്പർമാരായി സ്ഥിരപ്പെടുത്തുന്നത് പരാമർശം (1), (2)സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. ശ്രീമതി.അമ്മിണി പരമേശ്വരൻ 01/06/1999 മുതൽ 06/11/2003 വരെയും

പിന്നീട് 2007 ജനുവരി മുതൽ 30/06/2007 വരെ തുടർച്ചയായും 01/07/2007 മുതൽ 30/09/2011 വരെ 15 ദിവസം ഇടവിട്ടുള്ള ദിവസങ്ങളിലും 01/10/2011 മുതൽ തുടർച്ചയായും

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്വീപ്പിംഗ് ജോലി ചെയ്തു വരുന്നതായി തൊടുപുഴ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 25/11/2005 നോ അതിന് മുമ്പോ സർക്കാർ ഓഫീസുകളിൽ ജോലിയിൽ പ്രവേശിച്ച് സ്വീപ്പിംഗ് ജോലി ചെയ്ത് വന്നിരുന്നവരും 09/02/2010 ന് ജോലിയിൽ തുടരുന്നവരുമായ സ്വീപ്പർമാരെ 09/02/2010 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയി സ്ഥിരപ്പെടുത്താവുന്നതാണെന്ന് പരാമർശം (2) ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 3(I)ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീമതി.അമ്മിണി പരമേശ്വരൻ 25/11/2005 ന് ജോലിയിലുണ്ടായിരുന്നില്ല. 06/11/2003 ന ശേഷം 2007 ജനുവരിയിലാണ് ടിയാൾ വീണ്ടും ജോലിയിൽ പ്രവേശിച്ചത്.

മേൽ സാഹചര്യത്തിൽ പാർട്ട് ടൈം സ്വീപ്പറായി സ്ഥിരപ്പെടുത്തണമെന്ന ശ്രീമതി.അമ്മിണി പരമേശ്വരന്റെ ആവശ്യം പരാമർശം (2) ലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 3 (I)ലെ വ്യവസ്ഥ പ്രകാരം നിരസിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ലെ വിധിന്യായം ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.എസ്.ആർ**
**ഡെപ്യൂട്ടി സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3) ശ്രീമതി.അമ്മിണി പരമേശ്വരൻ, കാഷ്വൽ സ്വീപ്പർ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, തൊടുപുഴ (ഗ്രാമവികസന കമ്മീഷണർ മുഖേന)
4) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ഇടുക്കി
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ((എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ